**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലേലം ചെയ്തു നൽകിയ എല്ലാ ഇനങ്ങളിലും ലേലം പിടിച്ചവർക്ക് കോവിഡ്-19 വ്യാപനത്തെ തുടർന്ന് ലേലവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാർക്ക് കിസ്തിളവ് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1463/2022/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,16/06/2022

---

പരാമർശം:- 1) സ.ഉ.(സാധാ)നം.1410/2021/തസ്വഭവ തീയതി 27/07/2021.

2) സ.ഉ.(സാധാ)നം.854/2022/തസ്വഭവ തീയതി 05/04/2022.

**ഉത്തരവ്**

കോവിഡ്-19 പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലോക്ക് ഡൗൺ മൂലം താൽക്കാലികമായി അടച്ചിട്ടിരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ / വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും, ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ആനുപാതിക കിഴിവ് അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, തുടർന്ന് ഇപ്രകാരമുള്ള ആനുപാതിക കിഴിവ് അനുവദിക്കുന്നതിനുള്ള കാലയളവ് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ, പരാമർശം (1) ഉത്തരവിലെ നിബന്ധനകളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം 1998-ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4, 5(4) പ്രകാരവും, കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്ത് ഇളവ് അനുവദിക്കൽ) ചട്ടങ്ങൾ 4 പ്രകാരവും ലൈസൻസി /കരാറുകാരൻ അടവാക്കേണ്ടതായ മുഴുവൻ തുകയും അടവാക്കി നിബന്ധനകൾ പാലിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ള ലൈസൻസിക്ക് മാത്രമേ കിസ്തിളവിന് അർഹതയുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഇപ്രകാരം ലേലത്തുകയുടെ മുഴുവൻ തുകയും അടവാക്കാതിരിക്കുകയോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാത്തതോ ആയ കരാറുകാർക്ക് വിവിധ ഇനങ്ങളിൽ ലേലം കൈകൊണ്ട വകയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അടവാക്കിയ ലേലത്തുക തിരികെ നൽകുന്നതിന് സാങ്കേതികമായ പരിമിതി നിലനിൽക്കുന്നുവെന്നും, അതോടൊപ്പം തന്നെ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കരാറുകാർക്ക് ലേലവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തങ്ങളിൽ ഏർപ്പെടുന്നതിന് സാധിക്കാതെ വരികയും ചെയ്തു

സാഹചര്യങ്ങളിൽ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും, ബന്ധപ്പെട്ട ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും അടച്ചിട്ടിരുന്ന കാലയളവിലെ ആനുപാതികം തിട്ടപ്പെടുത്തി ബാക്കിയുള്ള ലേലത്തുക കരാറുകാരന് തിരികെ നൽകുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലേലം ചെയ്തു നൽകിയ എല്ലാ ഇനങ്ങളിലും ലേലം പിടിച്ചവർക്ക് കോവിഡ് വ്യാപനത്തിനെ തുടർന്ന് ലേലവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും അടച്ചിട്ടിരുന്ന കാലയളവിലെ അനുപാതം തിട്ടപ്പെടുത്തി ബാക്കിയുള്ള ലേലത്തുക കരാറുകാരന് തിരികെ നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും, വികസന അതോറിറ്റികൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ വികസന അതോറിറ്റി സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്- II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡിഎ/എഫ്.എം/ഐ.എ/ആർ.ഡി) വകുപ്പ്
ധനകാര്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD-RC2/76/2022-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ